പൗരത്വഭേദഗതി നിയമം

ഇതാണ് പുതിയ ഇന്ത്യയുടെ യാഥാർത്ഥ്യം

ഒരു മതത്തിലുള്ള ഇന്ത്യൻ പൗരന്റെയും യാതൊരുവിധ അവകാശത്തെയും ചെറിയ തോതിൽ പോലും ബാധിക്കുന്നതല്ല പൗരത്വ ഭേദഗതി നിയമം. വിവേചനം ഒന്നും തന്നെയില്ല ഇതിൽ. മാനുഷികതയിലധിഷ്ഠിതമാണത്



രാജീവ് ചന്ദ്രശേഖർ

1947ൽ ഇന്ത്യയും പാക്കിസ്ഥാനും ജനിച്ചുവീണു, ഒന്നൊരു മതേതര രാഷ്ട്രമായും, രണ്ടാമതൊരു മത രാഷ്ട്രമായും. മതത്തിന് അതീതമായി എല്ലാ പൗരന്മാർക്കും മൗലിക അവകാശങ്ങളുള്ള രാഷ്ട്രമായിട്ട് തന്നെയായിരുന്നു ഇന്ത്യയുടെ പിറവി. പാക്കിസ്ഥാന്റേത് ഇസ്ലാമിക രാഷ്ട്രമെന്ന രീതിയിലും. ഇരുരാജ്യങ്ങളിലും ന്യൂനപക്ഷമതക്കാരുണ്ടാകുമെന്നത് സ്വാതന്ത്ര്യം ലഭിച്ച ആദ്യനാൾ മുതൽ തന്നെ സുവ്യക്തമായിരുന്നു.

73 വർഷങ്ങൾ പിന്നിടുന്നു. ഔദ്യോഗിക മതം നിലവിലുള്ള, ഇസ്ലാമിക നിയമങ്ങൾ പ്രാബല്യത്തിലുള്ള പാക്കിസ്ഥാനിൽ ഹിന്ദു, സിഖ്, ക്രിസ്ത്യൻ, ബുദ്ധ മതവിഭാഗങ്ങളിൽ പെട്ട ന്യൂനപക്ഷങ്ങൾ ഭീതിയോടെയാണ് ജീവിക്കുന്നതെന്ന യാഥാർത്ഥ്യം കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. വംശീയ ഉന്മൂലനവും വേട്ടയാടലും ഭയന്നാണ് അവരുടെ ജീവിതം. ഓരോ ദിവസവും അവരിൽ പലരിലുമുണ്ടാക്കുന്നത് മരണഭയമാണ്. ഇരുരാജ്യങ്ങളിലെയും ന്യൂനപക്ഷങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് 1950ൽ രൂപംകൊണ്ട നെഹ്റു-ലിയാഖത് കരാറിൽ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ഇതിനെയെല്ലാം കാറ്റിൽ പറത്തുന്നതാണ് യാഥാർത്ഥ്യങ്ങൾ. വിഭജനമെന്ന ചരിത്രപരമായ മണ്ടത്തരത്തിന്റെ ഭാഗമായുള്ള ഈ കരാറിന്റെ പരാജയം കൂടിയാണ് പാക്കിസ്ഥാനിലെ ചില വിഭാഗങ്ങളിൽ പെട്ട ജനങ്ങൾ ഇപ്പോഴും അനുഭവിക്കുന്നത്. അതേസമയം ഇടയ്ക്കിടെ വർഗീയസംഘർഷങ്ങൾ ഉണ്ടായെങ്കിലും ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ എല്ലാ തലങ്ങളിലും വളർച്ച പ്രാപിക്കുകയാണുണ്ടായത്. അവർ തീർത്തത് പുതിയ മാതൃകയുമായിരുന്നു.

വംശീയ ഉന്മൂലനത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികളും നിർബന്ധിത മതപരിവർത്തനവും അതിക്രമങ്ങളുമെല്ലാം പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയിടങ്ങളിലെ ന്യൂനപക്ഷവിഭാഗങ്ങളെ സാരമായി ബാധിച്ചു. അവരുടെ ജനസംഖ്യ, പ്രശ്നങ്ങൾക്ക് ആനുപാതികമായി കുറയുകയും ചെയ്തു. വേട്ടയാടപ്പെട്ട ജനങ്ങൾക്ക് നിയമപരമായ പരിരക്ഷകൾ ലഭിച്ചില്ലെന്ന് മാത്രമല്ല, അവർ കൊടിയ പീഡനങ്ങൾക്ക് വിധേയമാകുകയും ചെയ്തു. വിശ്വസിക്കാവുന്ന സുരക്ഷിത താവളമെന്ന നിലയിൽ അവരിൽ പലരും ഇന്ത്യയിലേക്കാണ് പലായനം ചെയ്തത്. യാതൊരുവിധ നിയമപരമായ സാധുതയുമില്ലാതെ അവർ വർഷങ്ങളോളം അഭയാർത്ഥികളായി ഇന്ത്യയിൽ തുടർന്നു. നിരാശനിറഞ്ഞ, കരുതലുകളൊന്നും ലഭിക്കാത്ത ദുരിത ജീവിതങ്ങളായിരുന്നു അവർ നയിച്ചത്.

> വംശീയ ഉന്മൂലനത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികളും നിർബന്ധിത മതപരിവർത്തനവും അതിക്രമങ്ങളുമെല്ലാം പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയിടങ്ങളിലെ ന്യൂനപക്ഷവിഭാഗങ്ങളെ സാരമായി ബാധിച്ചു. അവരുടെ ജനസംഖ്യ, പ്രശ്നങ്ങൾക്ക് ആനുപാതികമായി കുറയുകയും ചെയ്തു. വേട്ടയാടപ്പെട്ട ജനങ്ങൾക്ക് നിയമപരമായ പരിരക്ഷകൾ ലഭിച്ചില്ലെന്ന് മാത്രമല്ല, അവർ കൊടിയ പീഡനങ്ങൾക്ക് വിധേയമാകുകയും ചെയ്തു. വിശ്വസിക്കാവുന്ന സുരക്ഷിത താവളമെന്ന നിലയിൽ അവരിൽ പലരും ഇന്ത്യയിലേക്കാണ് പലായനം ചെയ്തത്

ന്യൂഡെൽഹിയിലെ ഹിന്ദു അഭയാർത്ഥികളുടെ ക്യാമ്പിൽ നിന്നുള്ള ദൃശ്യം

അഭയാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്ന നിയമം

മുകളിൽ പറഞ്ഞ ഈ ജനങ്ങളെയാണ് പൗരത്വ ഭേദഗതി നിയമം അഭിസംബോധന ചെയ്യുന്നത്. ലോകത്തെ മറ്റൊരു രാജ്യത്തിനും അവർക്ക് വീടൊരുക്കാൻ കഴിയില്ല, സുരക്ഷിതത്വമൊരുക്കാൻ സാധിക്കില്ല. ഇന്ത്യയിലെ പൗരന്മാരായി അംഗീകരിച്ച് അവരുടെ ഭാവിയാണ് ഈ ബിൽ സംരക്ഷിക്കാൻ ശ്രമിക്കുന്നത്. നേരത്തെ പറഞ്ഞ മൂന്ന് രാജ്യങ്ങളിൽ ന്യൂനപക്ഷമെന്നതിന്റെ പേരിൽ ഇപ്പോഴും യാതന അനുഭവിക്കുന്ന നിരവധി പേർക്ക് പ്രതീക്ഷയുടെ ശുഭകിരണം കൂടിയാണ് പൗരത്വ ഭേദഗതി നിയമം നൽകുന്നത്. ഇന്ത്യയിലേക്ക് വരാൻ താൽപ്പര്യമുണ്ടെങ്കിൽ അവർക്കത് തെരഞ്ഞെടുക്കാവുന്നതുമാണ്.

വളരെ ലളിതമായ നിർദേശങ്ങളാണ് പൗരത്വ ഭേദഗതി നിയമത്തിലുള്ളത്. മാനുഷികമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അതംഗീകരിക്കാവുന്നതുമായിരുന്നു. ന്യൂനപക്ഷമെന്ന നിലയിൽ വേട്ടയാടപ്പെടുന്നവർക്ക് സുരക്ഷിതത്വം നൽകുന്നതിനെ എന്തിനാണ് ഒരു ശരിയായ ഇന്ത്യക്കാരൻ എതിർക്കുന്നത്?

എന്നാൽ, പ്രതീക്ഷിച്ചതുപോലെ വോട്ട്ബാങ്ക് രാഷ്ട്രീയം ഉന്നമിട്ട് ചില രാഷ്ട്രീയപാർട്ടികൾ ഇതിനെതിരെ രംഗത്തുവന്നു. പൗരത്വ ഭേദഗതി ബിൽ മുസ്ലിം വിരുദ്ധവും വിവേചനപരവുമാണെന്ന ദുഷ്ടത നിറഞ്ഞതും അപകടകരവുമായ പ്രചരണങ്ങളാണ് കോൺഗ്രസ് നടത്തുന്നത്. രാഷ്ട്രീയ നുണകളുടെ അടിത്തറയിൽ മുസ്ലീം സൗഹൃദ പാർട്ടിയാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള ശ്രമങ്ങളാണിത്. മുസ്ലീം വിരുദ്ധം, ഭരണഘടനാ വിരുദ്ധം, വിവേചനപരം എന്നെല്ലാമാണ് ബില്ലിനെതിരെ പൊതുവെ പ്രതിപക്ഷം ഉയർത്തുന്ന വിമർശനങ്ങൾ. എന്നാൽ ഇതെല്ലാം പൊള്ളയാണെന്നതാണ് വാസ്തവം.

വിവേചനപരമല്ല

ഒരു മതത്തിലുള്ള ഇന്ത്യൻ പൗരന്റെയും യാതൊരുവിധ അവകാശത്തെയും ചെറിയ തോതിൽ പോലും ബാധിക്കുന്നതല്ല പൗരത്വ ഭേദഗതി നിയമം. വിവേചനം ഒന്നും തന്നെയില്ല, മൂന്ന് ഇസ്ലാമിക രാജ്യങ്ങളിലെ മത ന്യൂനപക്ഷങ്ങളെയെല്ലാം ഒരുപോലെ ഈ നിയമം കണക്കിലെടുക്കുന്നു. ശ്രീലങ്ക, നേപ്പാൾ, ബർമ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള അഭയാർത്ഥികളെ ബിൽ എന്തുകൊണ്ടു പരിഗണിക്കുന്നില്ല എന്നതാണ് അപ്പോൾ ഉയരുന്ന മറ്റൊരു ചോദ്യം. എന്നാൽ ഈ രാജ്യങ്ങളൊന്നും ഔദ്യോഗിക മതരാഷ്ട്രങ്ങളല്ല, മതാധിഷ്ഠിത നിയമങ്ങളല്ല അവർ പ്രാവർത്തികമാക്കുന്നതും. ഹിന്ദു അനുകൂല നിയമമാണെന്നതാണ് മറ്റൊരു ആരോപണം. എന്നാൽ ശ്രീലങ്കയിൽ നിന്നുള്ള ആയിരക്കണക്കിന് ഹിന്ദു അഭയാർത്ഥികൾ ഈ ബില്ലിന് പുറത്തുനിൽക്കുന്നുണ്ടെന്നത് മറക്കരുത്.

പൗരത്വ ഭേദഗതി ബിൽ അവതരിപ്പിച്ചതു മുതൽ രാഹുൽ ഗാന്ധിയും മറ്റ് കോൺഗ്രസ് നേതാക്കളും ബില്ലിനോട് പ്രതികരിക്കുന്ന രീതി അതിർത്തിക്കപ്പുറത്തുള്ള നേതാക്കളുടേതിന് സമാനമാണ്. രോഹിംഗ്യൻകാർക്കും സുരക്ഷിത താവളം നൽകണമെന്നാണ് ചിലരുടെ വിചിത്രമായ വാദം. ബംഗ്ലാദേശ് പോലും മടിച്ചുനിൽക്കുന്നകാര്യമാണതെന്ന് ഓർക്കുക. കഴിഞ്ഞ ഏഴ് പതിറ്റാണ്ടിലധികമായി ഇന്ത്യ അനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അനധികൃതമായ കുടിയേറ്റം. പൊതു ബജറ്റിലും തെരഞ്ഞെടുപ്പിലും ദേശീയ സുരക്ഷയിലുമെല്ലാം അതിന്റെ ആഘാതം വളരെയധികം പ്രകടമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ ഫുട്ബോൾ കളിക്കുകയാണ് കോൺഗ്രസ് ചെയ്യുന്നത്. ഏറെ വിഷമപ്പിക്കുന്ന വസ്തുതയെന്തെന്നാൽ കോൺഗ്രസിന്റെ മുൻനിലപാടുകൾക്ക് നേരെ കടകവിരുദ്ധമാണ് അഭയാർത്ഥികളോടുള്ള അവരുടെ ഇപ്പോഴത്തെ സമീപനമെന്നതാണ്. 1943ൽ മുസ്ലിം ഇതര അഭയാർത്ഥികൾക്ക് പൗരത്വം വേണമെന്നതായിരുന്നു അവരുടെ നിലപാട്. പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും അഫ്ഗാനിസ്ഥാനിലെയും മത അഭയാർത്ഥികളോട് സമാനമായ വികാരമാണ് പൗരത്വവുമായി ബന്ധപ്പെട്ട് 2003ൽ മൻമോഹൻസിംഗും സ്വീകരിച്ചത്. എന്നാൽ ഇപ്പോൾ കോൺഗ്രസിന്റെ കാപട്യവും രാഷ്ട്രീയ അംനേഷ്യയും വീണ്ടും പുറത്തായിരിക്കുകയാണ്.

> ന്യൂനപക്ഷമായതിന്റെ പേരിൽ പതിറ്റാണ്ടുകളോളം യാതന അനുഭവിച്ചവരെ പിന്തുണയ്ക്കുന്നതിനു വേണ്ടിയുള്ള ഇടപെടലാണത്. മുൻസർക്കാരുകളിൽ നിന്ന് വ്യത്യസ്തമായി രാഷ്ട്ര താൽപ്പര്യത്തോടാണ് ഈ സർക്കാരിന് പ്രതിബദ്ധതയുള്ളത്. അതാണ് പുതിയ ഇന്ത്യയുടെ യാഥാർത്ഥ്യം

ഒരു മതത്തിലെ അഭയാർത്ഥികളെയും തടയില്ല

നിയമപരമായി ഇന്ത്യയിലേക്ക് കുടിയേറാൻ താൽപ്പര്യപ്പെടുന്ന ആരെയും തടയുന്നതല്ല പൗരത്വ ഭേദഗതി നിയമം. നിയമപരമായ കുടിയേറ്റ പ്രക്രിയയ്ക്ക് മാറ്റം വരുന്നുമില്ല. നിയമപരമായ കുടിയേറ്റത്തെ പ്രോൽസാഹിപ്പിക്കുകയോ നിരുൽസാഹപ്പെടുത്തുകയോ ചെയ്യുന്നില്ല ഈ നിയമം. പൗരത്വം ആവശ്യപ്പെടുന്നവർക്കുള്ള നിയമം മുമ്പത്തേതുപോലെ തന്നെയാണ്. നിലവിലുള്ള പൗരത്വ നിയമം അനുസരിച്ചുള്ള നാച്ചുറലൈസേഷൻ പ്രക്രിയയിലൂടെ പൗരത്വം ആഗ്രഹിക്കുന്നവർക്ക് നീങ്ങാവുന്നതാണ്. രാജ്യത്തിന്റെ താൽപ്പര്യങ്ങളെ മാത്രം മുൻനിർത്തിയാണ് കുടിയേറ്റക്കാരോടും പ്രത്യേകിച്ച് അനധികൃത കുടിയേറ്റക്കാരോടുള്ള നരേന്ദ്ര മോദി സർക്കാരിന്റെ സമീപനം. ബിജെപി തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഇത് സുവ്യക്തമായി പറഞ്ഞിട്ടുമുണ്ട്. പ്രത്യേകിച്ചും 2019 തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ.

പുതിയ ഇന്ത്യയുടെ താൽപ്പര്യം

മതപരമായ വേട്ടയാടലിന് വിധേയമായവർക്ക് സുരക്ഷിത അഭയം നൽകുകയെന്ന തീരുമാനം ശരിയായതാണ്. 70 വർഷത്തിലധികം നിലനിന്നിരുന്ന അവസ്ഥയെയാണ് മോദി സർക്കാർ വെല്ലുവിളിച്ചത്. തീർത്തും മാനുഷികമായ ഇടപെടലാണത്. ന്യൂനപക്ഷമായതിന്റെ പേരിൽ പതിറ്റാണ്ടുകളോളം യാതന അനുഭവിച്ചവരെ പിന്തുണയ്ക്കുന്നതിനു വേണ്ടിയുള്ള ഇടപെടലാണത്. മുൻസർക്കാരുകളിൽ നിന്ന് വ്യത്യസ്തമായി രാഷ്ട്ര താൽപ്പര്യത്തോടാണ് ഈ സർക്കാരിന് പ്രതിബദ്ധതയുള്ളത്. അതാണ് പുതിയ ഇന്ത്യയുടെ യാഥാർത്ഥ്യം.

(രാജ്യസഭാ എംപിയാണ് ലേഖകൻ)